"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല – കുത്താളി ഗ്രാമപഞ്ചായത്ത് - 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 1-13.8 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1435/2023/LSGD തീയതി,തിരുവനന്തപുരം, 13-07-2023

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 18.09.2022 ലെ പി എ എൻ/12729/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 13.02.2023 ലെ ഡി.കെ.എസ്.എ 4264/പി.റ്റി2/2022 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 'മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ചികിത്സാസഹായം' (പ്രോജക്ട് നം. 96/19) എന്ന പദ്ധതിയിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക വിരുദ്ധമായി ചെലവാക്കിയ 44,983/- രൂപ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1 - 1 3 . 8 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ കുത്താളി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പരാമർശ പദ്ധതിയിൽ മാനസിക വെല്ലുവിളി നേരിടുന്നവരും ഏറ്റവും സാധാരണക്കാരുമായ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭിച്ചതെന്നും മാനസിക വെല്ലുവിളിയ്ക്ക് ദീർഘകാലമായി ചികിത്സയിലുള്ളവരാകയാൽ മരുന്നു വിതരണം അടിയന്തരമായി നടത്തേണ്ടതുള്ളതിനാൽ സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ മരുന്നു വിതരണം നടത്തി ആയതിന്റെ തുക പിന്നീട് നൽകിയെന്നും വ്യക്തമാക്കിയിട്ടുണ്ട്. വിതരണം ചെയ്ത മരുന്നുകളിൽ ഭൂരിഭാഗവും കെ.എം.എസ്.സി.എൽ സപ്ലൈ ചെയ്യാത്തതിനാൽ ആശുപത്രിയിലെ ഫാർമസിയിൽ നിന്ന് നേരിട്ട് വിതരണം ചെയ്യുക പ്രായോഗികമല്ലാത്തതിനാൽ ധനസഹായം നൽകിയ നടപടി രോഗികളുടെ തുടർചികിത്സയ്ക്ക് സഹായകരമായിട്ടുള്ളതായി ഭരണസമിതി വിലയിരുത്തുകയും ആയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഭരണ സമിതിയും കോഴിക്കോട് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും ശുപാർശ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്നും പരാമർ ശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

3. ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള തടസ്സം ഒഴിവാക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ഓഡിറ്റ് റിപ്പോർട്ടിലും അനന്തര പരാമർശത്തിലും നിർദ്ദേശിച്ചിട്ടുള്ളതിനാൽ

കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2018-2019 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-13.8 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-13.8 പ്രകാരം തടസ്സപ്പെടുത്തിയ **44,983/- രൂപയുടെ (നാല്പത്തി നാലായിരത്തി തൊള്ളായിരത്തി എൺപത്തി മൂന്ന് രൂപ മാത്രം)** ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA.R.S.

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം

സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കുത്താളി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/153/2022-LSGD )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ